**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

13-07-2021

1. **സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള** ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി സംയോജിത വിളവെടുപ്പാനന്തര പരിപാലനം, വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിലെ പ്രോജക്റ്റുകൾ സമർപ്പിക്കുവാൻ സർക്കാർ വകുപ്പുകൾ, കോപ്പറേറ്റീവ് സൊസൈറ്റികൾ, കർഷകർ, കർഷക കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പ്രോജക്ടുകൾ കൃഷിഭവനുകൾ മുഖേന ജില്ലാ ഹോർട്ടിക്കൾച്ചർ മിഷനുകളിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക.

| | |
|---|---|
| തിരുവനന്തപുരം-9383470090 | കൊല്ലം - 9383470313 |
| പത്തനംതിട്ട - 9383470503 | ആലപ്പുഴ - 933470564 |
| കോട്ടയം - 9383470709 | ഇടുക്കി - 9383470824 |
| എറണാകുളം - 9383471153 | തൃശൂർ - 9383473443 |
| മലപ്പുറം - 9383471621 | പാലക്കാട് - 9383471460 |
| കോഴിക്കോട് - 9383471782 | കണ്ണൂർ - 9383472032 |
| വയനാട്- 9383471914 | കാസർഗോഡ് - 9383471964. |

2. **റബ്ബർബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ** മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആഗസ്റ്റ് 02-ന് ആരംഭിക്കുന്ന കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂലൈ 14 ആണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ **0481 - 2353127/ 2353201** എന്ന നമ്പറിൽ ബന്ധപ്പെടുക. ഇ മെയിൽ വിലാസം ഇനി പറയുന്നു: training@rubberboard.org.in

3. **അറിയിപ്പ്**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ ക്രോപ്സ് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന നഴ്സറി നിർമ്മാണം, പാക്ക്ഹൗസ്, പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് റീട്ടെയ്ൽ മാർക്കറ്റ് /ഔട്ട്ലെറ്റ് എന്നീ പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷകൾ പ്രോജ്ക്ട് സഹിതം ക്ഷണിക്കുന്നു. പുകപ്പുര, ഉന്തുവണ്ടി/പ്ലാറ്റ്ഫോം വിത്ത്, കൂൾ ചേമ്പർ എന്നിവയ്ക്ക് പ്രോജക്ട് ഇല്ലാതെ തന്നെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 0484- 2422224

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (13.07.2021) രാവിലെ 11 മുതൽ 12 മണി വരെ **കോവിഡാനന്തര കേരളവും ക്ഷീരവികസനവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. ക്ഷീര വികസന വകുപ്പ് റിട്ടയേർഡ് ജോയിന്റ് ഡയറക്ടർ എം പ്രകാശ് നയിക്കുന്ന പരിശീലനം **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. നാളെ (14.07.2021) **ഭക്ഷ്യ സുരക്ഷയ്ക്ക് പുരയിടകൃഷി** എന്ന വിഷയത്തിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9349482600**

5. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, വൈറ്റില കർഷകർക്കായി **പച്ചക്കറി കൃഷി പാഠങ്ങൾ** എന്ന പരമ്പരയുടെ ഭാഗമായി ഇന്ന് (13/7/2021 ന്) **ഗ്രോബാഗ് കൃഷിയിലെ നൂതന ആശയങ്ങൾ** എന്ന വിഷയത്തിൽ ചാത്തന്നൂർ കൃഷി ഓഫീസർ പ്രമോദ് മാധവൻ ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. ആർ എ റ്റി സി ട്രയിനിങ് എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ വന്ധപ്പെടുക – **0484 2703094**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള വെറ്ററിനറി സർവകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (13-07-2021) വൈകിട്ട് 5 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള പന്നിവളർത്തൽ - പന്നികളിലെ രോഗങ്ങളും പ്രതിരോധമർഗങ്ങളും** എന്ന വിഷയത്തിൽ ഡോ. ദീപ പി എം ഓൺലൈൻ പരിശീലനം നടത്തുന്നു. നാളെ **വാണിജ്യാടിസ്ഥാനത്തിലുള്ള വൻകിട പന്നി ഫാം അനുഭവം പങ്കിടൽ** എന്ന വിഷയത്തിലാണ് പരിശീലനം. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. 999 521 3500. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക 9446714462.

7. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരസംഘം സെക്രട്ടറിമാർക്കുള്ള ഓൺലൈൻ പരിശീലന പരിപാടിയുടെ ഭാഗമായി ഇന്ന് (13/07/2021 ന) ഉച്ചക്ക് 2.30 ക്ക് **"സർവീസ് ബുക്ക് ( ഭാഗം 4 )"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായുള്ള ലിങ്ക് ഇനി പറയുന്നു http://meet.google.com/cuu-gsjo-oos കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക - 9446228368.

8. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നാളെ (14-ന്) **കാട വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. 9188522708.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (14-ന്) രാവിലെ 11 മണി മുതൽ **കന്നുകാലികളുടെ ശാസ്ത്രീയ തീറ്റക്രമം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. **9947775978** എന്ന വാട്സ്ആപ്പ് നമ്പരിലേക്കു പേരും മേൽവിലാസവും അയച്ചു നൽകി പരിശീലനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **04762698550.**

10. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒൺലൈൻ പരിശീലനങ്ങൾ ഇന്ന് (13ന്) **ഫലവൃക്ഷതൈകളുടെ നഴ്സറി പരിപാലനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം

നടത്തുന്നു. രാവിലെ 11 മണിക്ക് meet.google.com/kyy-wtac-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന് ഫോൺ നമ്പരിൽ ബന്ധപ്പെടുക

11. റബ്ബറിനങ്ങളുടെ ശുപാർശ, നടീൽ വസ്തുക്ക ടെ ഉത്പാദനം എന്നിവ സംബന്ധിച്ച് റബ്ബർ ബോർഡ് ഓൺലൈൻ നാളെ (14 ന്) ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക - 0481 2353127 / 7994650941 മെയിൽ ഐഡി : training@rubberboard.org.in

12. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും നാളെ (14-ന്) കറവപ്പശുക്കളിലെ ഉപാപചയ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും എന്ന വിഷയത്തിൽ ഡോ. ദീപ ചിറയത്ത് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക – 9446424556

13. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രം, ക്ഷീര കർഷകർക്കായി **"പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങ"** എന്ന വിഷയത്തിൽ ജൂലൈ 15-ാം തീയതി രാവിലെ 11.30 മണി മുതൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുളളവർ നാളെ വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി **0471-2440911** എന്ന നമ്പരിലോ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ പേര്, മേൽവിലാസം, വാട്സ്ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

14. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 19 ന് **പോത്തുകുട്ടി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479 - 2457778 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേതാണ്

## അറിയിപ്പുകൾ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

15. പാലക്കാട് ജില്ലയിലെ കുഴൽമന്ദം കൃഷിഭവനിൽ പേര, പാഷൻഫ്രൂട്ട്, ചാമ്പയ്ക്ക എന്നീ ഫലവൃക്ഷ തൈകൾ വിതരണത്തിന് എത്തിയിട്ടുണ്ട്. ആവശ്യക്കാർക കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷിഓഫീസർ അറിയിച്ചു. ഫോൺ നമ്പർ **0492 2273797**.

16. ആലുവ കൃഷിഭവനിൽ എസ്എച്ച്എം പോഷകതോട്ട പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് കിറ്റ് വിതരണം തുടങ്ങി.

17. തൈക്കാട്ടുശ്ശേരി കൃഷിഭവനിൽ സബ്സിഡി നിരക്കിൽ വെസ്റ്റ് കോസ്റ്റ് ടോൾ തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതായി എത്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ അറിയിച്ചു

**വിളപരിപാലന നിർദ്ദേശങ്ങൾ**

18. മഴക്കാലത്ത് തടം തുറന്ന് ഓരോ തെങ്ങിനും 25 മുതൽ 50 കിലോ ഗ്രാം ജൈവവളം ഇട്ടുകൊടുക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ